# Malayala Manorama
# 31 August 2018
# Flood Relief, Foreign Aid

# സഹായം തേടി വിദേശത്തേക്ക്

- പണം സമാഹരിക്കാൻ മന്ത്രിമാർ വിവിധ രാജ്യങ്ങളിലെത്തും; പുനർനിർമാണ മാർഗരേഖയ്ക്ക് രാജ്യാന്തര ഏജൻസി
- എല്ലാ വിദ്യാർഥികളിൽനിന്നും ധനസമാഹരണം; എല്ലാ ജില്ലകളിലും പട്ടിക തയാറാക്കി പിരിവ്
- ഗാർഹികോപകരണങ്ങൾക്ക് കുടുംബശ്രീ വഴി ഒരു ലക്ഷം പലിശരഹിതവായ്പ
- വ്യാപാരികൾക്ക് സർക്കാർ ഗാരന്റിയിൽ 10 ലക്ഷം രൂപ വായ്പ നൽകും.

**മനോരമ ലേഖകൻ**

തിരുവനന്തപുരം● പ്രളയ ദുരിതാശ്വാസത്തിനും പുനർനിർമാണത്തിനും പണം സമാഹരിക്കുന്നതിനു മന്ത്രിമാരുടെയും മുതിർന്ന ഗവ.സെക്രട്ടറിമാരുടെയും നേതൃത്വത്തിലുള്ള സംഘത്തെ നിയോഗിക്കാൻ മന്ത്രിസഭ തീരുമാനിച്ചു.

മന്ത്രിമാർ മറ്റു സംസ്ഥാനങ്ങളും വിദേശരാജ്യങ്ങളും സന്ദർശിച്ചു പണം സമാഹരിക്കും. സംസ്ഥാനത്തിന്റെ പുനർസൃഷ്ടിക്കായി കേന്ദ്ര സർക്കാരിന്റെ അധികസഹായവും വിദേശരാജ്യങ്ങളുടെയും ഏജൻസികളുടെയും ധനസഹായവും തേടാൻ നിയമസഭയുടെ പ്രത്യേക സമ്മേളനം ഏകകണ്ഠമായി തീരുമാനിച്ചതിനു പിന്നാലെയാണു മന്ത്രിസഭ ഇതിന്റെ വിശദാംശങ്ങൾ തയാറാക്കിയത്. ഓരോ മന്ത്രിയും പോകേണ്ട വിദേശ രാജ്യങ്ങളുടെ പട്ടിക അടുത്ത മന്ത്രിസഭായോഗം തീരുമാനിക്കും.

സിബിഎസ്ഇ, ഐസിഎസ്ഇ

സ്ഥാനത്തെ എല്ലാ വിദ്യാർഥികളിൽ നിന്നും പണം സമാഹരിക്കും. പ്രളയബാധിതം ഉൾപ്പെടെ 14 ജില്ലകളിലും വകുപ്പുതലവന്മാരുടെ നേതൃത്വത്തിൽ പ്രമുഖരുടെ പട്ടിക തയാറാക്കി പിരിവെടുക്കും. ഇതേസമയം, സംസ്ഥാന പുനർനിർമാണത്തിനുള്ള രൂപരേഖ സംബന്ധിച്ചു മന്ത്രിസഭയിൽ തീരുമാനമായില്ല.

വീടുകൾക്കും കടകൾക്കുമുണ്ടായ കേടുപാടുകൾ സംബന്ധിച്ചു ഡിജിറ്റൽ വിവര ശേഖരണത്തിനു ഡോ.കെ.എൻ.ഹരിലാൽ, തദ്ദേശഭരണ വകുപ്പു സെക്രട്ടറി ആർ.ഗിരിജ, ഡോ.സജി ഗോപിനാഥ്, ഡോ.ജോയി ഇളമൺ എന്നിവരടങ്ങുന്ന വിദഗ്ധ സമിതിയെ നിയോഗിച്ചു.

പുനർനിർമാണത്തിന്റെ സാധ്യതാപഠനത്തിന്, നെതർലൻഡ്സ് ആസ്ഥാനമായ കെപിഎംജി കൺസൽറ്റിങ് ഏജൻസിയെ നിയോഗിക്കും.

പ്രളയത്തിൽ നഷ്ടമായ ഗാർഹികോപകരണങ്ങൾ വാങ്ങാൻ കുടുംബശ്രീ വഴി ഒരുലക്ഷം രൂപ

## പ്രളയബാധിതർ 55 ലക്ഷം; മരണം 483

981 വില്ലേജുകളിലായി 55 ലക്ഷത്തോളം പേർ പ്രളയ ദുരന്തത്തിനിരയായി. 483 പേർ മരിച്ചു. 14 പേരെ കാണാതായി. 140 പേർക്കു ഗുരുതരമായി പരുക്കേറ്റു. 3,91,494 കുടുംബങ്ങളിൽ നിന്നായി 14,50,707 പേരെ 3,879 ദുരിതാശ്വാസ ക്യാംപുകളിൽ പാർപ്പിച്ചു. ദുരന്തത്തിന്റെ ആഘാതം ഇനിയും പൂർണമായി കണക്കാക്കിയിട്ടില്ല.

*(നിയമസഭയിൽ ഇന്നലെ സർക്കാർ സമർപ്പിച്ച കണക്ക്)*

## നന്ദി; നിറഞ്ഞ മനസ്സോടെ

രക്ഷാദൗത്യത്തിൽ കേന്ദ്ര-സംസ്ഥാന സംവിധാനങ്ങളും സ്വന്തം ജീവൻ പണയപ്പെടുത്തി മത്സ്യത്തൊഴിലാളികളും യുവാക്കളും സന്നദ്ധപ്രവർത്തകരും സജീവമായി അണിനിരന്നു. ഇവർക്കു മനസ്സു നിറഞ്ഞ നന്ദി. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ കേരളത്തിനകത്തും പുറത്തുമുള്ള മാധ്യമപ്രവർത്തകർ വഹിച്ച പങ്ക് പ്രത്യേക പ്രശംസ അർഹിക്കുന്നു. സ്വന്തം ജീവൻപോലും പണയപ്പെടുത്തിയാണ് ഒട്ടേറെ മാധ്യമപ്രവർത്തകർ ദുരന്തത്തിന്റെ തീവ്രത പൊതുസമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിൽ പെടുത്തിയത്

*(നിയമസഭ അംഗീകരിച്ച പ്രമേയത്തിലെ ഭാഗം)*

### നേർക്കാഴ്ച

- കേന്ദ്രം സഹായിക്കുമെന്ന് പ്രതീക്ഷ: മുഖ്യമന്ത്രി
- നിയമസഭാ സമ്മേളനത്തിലെ പ്രധാന നിർദേശങ്ങൾ

വദിക്കും. പലിശ സർക്കാർ വഹിക്കും. വ്യാപാരസ്ഥാപനങ്ങൾ അടക്കം ജീവനോപാധികൾ നഷ്ടമായവർക്കു സർക്കാർ ഗാരന്റിയിൽ 10 ലക്ഷം രൂപ വായ്പ നൽകും.

നവകേരള സൃഷ്ടിക്കായി മികച്ച ആശയങ്ങൾ സ്വരൂപിക്കാൻ ഇന്നലെ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തിൽ ക്രിയാത്മക നിർദേശങ്ങൾ അധികമൊന്നും ഉയർന്നില്ല. ഇതിൽ മുഖ്യമന്ത്രി പിണറായി വിജയൻ അസംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു.

എട്ടേമുക്കാൽ മണിക്കൂർ നീണ്ട ചർച്ചയിൽ, സർക്കാരിന്റെ വീഴ്ചകൾ ഉയർത്തിക്കാട്ടുന്നതിൽ പ്രതിപക്ഷവും അവയ്ക്കു മറുപടി നൽകുന്നതിൽ ഭരണപക്ഷവും ശ്രദ്ധയൂന്നി.

ചർച്ചയിൽ മൽസ്യത്തൊഴിലാളികളെക്കുറിച്ചു പരാമർശിച്ചപ്പോഴൊക്കെ അംഗങ്ങൾ ഒന്നടങ്കം ഡെസ്കിൽ തട്ടി അഭിനന്ദിച്ചു. മുഖ്യമന്ത്രിയും രണ്ടു മന്ത്രിമാരും പ്രതിപക്ഷ നേതാവും 40 അംഗങ്ങളും പ്രസംഗിച്ചു.

● പേജ് 6 കാണുക